## പതിമൂന്നാം കേരള നിയമ സഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 614

09-02-2016-ൽ മറുപടിയ്ക്ക്.

## ഐ.ടി.മേഖലയിലെ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ.എം.പി. വിൻസെന്റ്
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ. വർക്കല കഹാർ
ശ്രീ. ടി.എൻ. പ്രതാപൻ

മറുപടി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഐ.ടി മേഖലയിലെ ത്വരിത വികസനത്തിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | (എ) | ഐ.ടി മേഖലയിലെ ത്വരിത വികസനത്തിനായി ഐ.ടി. വികസനം, സംരംഭകത്വ വികസനം, ഇ-ഗവേണൻസ് എന്നീ പ്രധാന മേഖലകളിലായി സർക്കാർ നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതത് മേഖലകളിലുള്ള കർമ്മപദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.<br>**ഐ.ടി. വികസനം**<br>• ഐ.ടി വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ ഭൂമി, അടിസ്ഥാന സൗകര്യ സജ്ജീ കരണം<br>• ഐ.ടി വ്യവസായ സ്ഥാപനത്തിന് ഏകജാലക സംവിധാനം, ഐ.ടി രംഗത്തെ വളർച്ചയ്ക്കായി സ്വകാര്യ പങ്കാളിത്തത്തോടു കൂടിയുള്ള പാർക്കുകൾ<br>• ഐ.ടി പാർക്കുകളുടെ സ്ഥാപനത്തിനും അടിസ്ഥാന സൗകര്യ സജ്ജീകരണ ത്തിനുമായി കേരളാ സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് എന്ന കമ്പനിയുടെ സ്ഥാപനം<br>• തിരുവനന്തപുരം ടെക്നോപാർക്ക് , കൊച്ചി ഇൻഫോ പാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നീ പ്രധാന ഐ.ടി പാർക്കുകളെ ഹബ്ബ് ആയും കൊല്ലം, ചേർത്തല, |

- സ്റ്റാർട്ട് അപ്പ് ബോക്സ് ക്യാമ്പയിൻ
- നാസ്കോം വെയർ ഹൗസ്, കീ ആക്സിലറേറ്റർ എന്നിവയുടെ സ്ഥാപനം
- സ്റ്റാർട്ട് അപ്പ് ഐ 3
- എന്റർപ്രണർഷിപ്പ് ഡ്രൈവിംഗ് പ്രോഗ്രാം
- പെർഫോമൻസ് ലിങ്ക്ഡ് സപ്പോർട്ട് സ്കീം
- പേറ്റന്റ് സപ്പോർട്ട് സ്കീം
- ടെക്നോളജി ഇന്നവേഷൻ സോണിന്റെ സ്ഥാപനം

**ഇ-ഗവേണൻസ്**

ഐ.ടി മേഖലയുടെ വികസനം ഇ-ഗവേണൻസിന്റെ വികസനത്തോടു കൂടി മാത്രമേ പൂർണ്ണമാകുകയുള്ളൂ. ഈ ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പ്രധാനപ്പെട്ട കർമ്മ പരിപാടികൾ ചുവടെ ചേർക്കുന്നു.

- ഫയൽ നീക്കം വേഗത്തിലാക്കുന്നതിനും, സുതാര്യത ഉറപ്പ് വരുത്തുന്നതിനുമായി ഇ-ഓഫീസ്
- ഇ-ഡിസ്ട്രിക്റ്റ് പദ്ധതി
- വിവിധ ഇ-സേവനങ്ങൾ ലഭ്യമാക്കുന്നതിനായി അക്ഷയ കേന്ദ്രങ്ങളുടെ വ്യാപനം
- കേരളത്തെ ഒരു ഡിജിറ്റൽ സമൂഹമായി മാറ്റിയെടുക്കുന്നതിന് ഡിജിറ്റൽ കേരള പദ്ധതി
- എം-ഗവേണൻസ് പദ്ധതി
- പ്രാദേശിക ആസൂത്രണത്തിന് സഹായകമായ ഭൂമി ശാസ്ത്രപരമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കേരളാ സ്റ്റേറ്റ് സ്പാഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ചർ പദ്ധതി
- ട്രഷറി കമ്പ്യൂട്ടർവൽക്കരണം
- പഞ്ചായത്ത് തലം വരെയുള്ള സർക്കാർ ഓഫീസുകൾ ഒപ്റ്റിക്കൽ

| | | | |
|---|---|---|---|
| | | | ഫൈബർ കേബിൾ വഴി ബന്ധിപ്പിക്കുന്ന കേരളാ സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് (കെ.എസ്.വാൻ) പദ്ധതി. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (ബി) | സർക്കാർ നടപ്പാക്കി വരുന്ന കർമ്മ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>• ഐ.ടി മേഖലയിൽ കൂടുതൽ പുതിയ ഐ.ടി സംരംഭങ്ങൾ<br>• നിലവിലുള്ള കമ്പനികളുടെ വികസനം, ദേശീയ -അന്തർദേശീയ കമ്പനികളുടെ നിക്ഷേപം<br>• പ്രത്യക്ഷമായും പരോക്ഷമായും സൃഷ്ടിക്കപ്പെടുന്ന തൊഴിൽ അവസരങ്ങൾ, ഐ.ടി. കയറ്റുമതി<br>• സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക സാംസ്കാരികതലങ്ങളിൽ നിർണ്ണായകമായ പുരോഗതി ഉറപ്പാക്കൽ<br>• അഭ്യസ്ഥവിദ്യർക്ക് താല്പര്യമുള്ള മേഖലകളിൽ ലഭ്യമാകുന്ന തൊഴിൽ സാധ്യതകൾ<br>• ഐ.ടി/ ഐ.ടി.ഇ.എസ്. സംരംഭങ്ങൾ/സ്വകാര്യ നിക്ഷേപങ്ങൾ എന്നിവയിലെ വിവിധ പദ്ധതികളിലൂടെ കൈവരിക്കുന്ന സംസ്ഥാനത്തെ സാമ്പത്തിക വളർച്ച<br>• സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കൽ<br>• മെച്ചപ്പെട്ട വാർത്താ വിനിമയ സംവിധാനങ്ങൾ<br>• നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടു കൂടിയ ആരോഗ്യ സ്ഥാപനങ്ങൾ, വിനോദോപാധികൾ തുടങ്ങിയവ ലഭ്യമാക്കുക<br>• സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ഐ.ടി. |

| | | | |
|---|---|---|---|
| | | | വികസനത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക<br>• സുസ്ഥിര സാമ്പത്തിക വളർച്ച മുൻ നിർത്തി നമ്മുടെ സംസ്ഥാനത്തെ ഒരു ഡിജിറ്റൽ പരിജ്ഞാനമുള്ള സമൂഹമാക്കി മാറ്റുക<br>• വിവിധ സേവനങ്ങളുടെ ഇലക്ട്രോണിക്സ് വൽക്കരണത്തിലൂടെ കാര്യക്ഷമത ഉയർത്തുകയും അഴിമതി കുറക്കുകയും ചെയ്യുക<br>• ഡിജിറ്റൽ പരിജ്ഞാനമുള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിലേക്കായി ചെലവു കുറഞ്ഞ രീതിയിൽ വിവര സാങ്കേതിക വിദ്യ ലഭ്യമാക്കുക<br>• സേവനം മെച്ചപ്പെടുത്തു ന്നതിനായി സർക്കാർ ഉദ്യോഗസ്ഥർക്കായി വിവിധ ഐ.ടി. പരിശീലന പരിപാടികൾ നൽകുക<br>• സംരംഭകത്വം പ്രോത്സാഹിപ്പി ക്കുന്നതിനും തൊഴിലവസരം വർദ്ധിപ്പി ക്കുന്നതിനും ഐ ടി മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹി പ്പിക്കുന്നതിനും കേരളത്തിലെ സ്റ്റാർട്ടപ്പ് രംഗത്തും ഇൻകുബേഷൻ രംഗത്തുമായി 5000 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുക<br>• അടുത്ത അഞ്ചു വർഷങ്ങളിലായി യുവ സംരംഭകത്വ രംഗത്ത് 2500 കോടി രൂപ വിനിയോഗിക്കുക<br>• ഭാരതീയരുടെ ഉടമസ്ഥതയിലുള്ള ആഗോള സാങ്കേതിക കമ്പനികൾ കൂടുതലായി ഉയർത്തികൊണ്ടു വരിക<br>• വിവിധ ഭാഗങ്ങളിലായി 10 സാങ്കേതിക ബിസിനസ്സ് ഇൻകുബേറ്റർ /ആക്സിലേറ്റർ സ്ഥാപിക്കുക<br>• 10000 സാങ്കേതിക ഉത്പന്ന സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം, സൗകര്യങ്ങൾ, ഇൻകുബേഷൻ |

| | | | |
|---|---|---|---|
| | | | എന്നിവ പ്രദാനം ചെയ്യുക<br>• ഒരു ദശ ലക്ഷം ചതുരശ്ര അടി ഇൻകുബേറ്ററിനുള്ള സൗകര്യം സൃഷ്ടിക്കുക<br>• 2000 കോടി രൂപയുടെ വെഞ്ച്വർ ക്യാപ്പിറ്റൽ ഫണ്ട് ലഭ്യമാക്കുക<br>• സ്റ്റാർട്ടപ്പുകളിൽ നിന്നും 20 ദശലക്ഷം ഡോളർ മൂല്യമുള്ള ഒരു സാങ്കേതിക കമ്പനിയെങ്കിലും സൃഷ്ടിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | മേൽ വിവരിച്ച കർമ്മ പരിപാടികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി, സാമ്പത്തിക സഹായം എന്നിവയും വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി പദ്ധതി നിർവ്വഹണ സമിതി, ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള അപെക്സ് കമ്മിറ്റി, മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സ്റ്റിയറിംഗ് കമ്മിറ്റി എന്നിവയുടെ രൂപീകരണം തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**